"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ പരിഷ്കരിക്കുന്നതും SOP രൂപീകരിക്കുന്നതും സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ)വകുപ്പ്**

സ.ഉ.(സാധാ) നം.205/2026/DMD തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:- 1. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 7/11/2025 ലെ MTO IV/2583/2025/Admin നം കത്ത്

2. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3/2/2026 ന് കൂടിയ യോഗത്തിന്റെ മിനിട്സ്

**<u>ഉത്തരവ്</u>**

ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ദുരന്ത സാധ്യതാ ലഘൂകരണവും ഖനനാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനായി വിവിധ വകുപ്പുകളുമായി ഒരു യോഗം വിളിച്ച് ചേർക്കണം എന്ന് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി പരാമർശം-1 പ്രകാരം അഭ്യർത്ഥിക്കുകയും, തുടർന്നു നടത്തിയ ചർച്ചകളിലെ തീരുമാനം പ്രകാരം ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ പരിഷ്കരിക്കുന്നതും SOP രൂപീകരിക്കുന്നതും സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ ദുരന്ത നിവാരണ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. റെഡ് സോൺ മാപ്പിംഗിൽ വന്നിട്ടുള്ള മാറ്റം മൂലം ഖനന മേഖലയിലും നിർമ്മാണ മേഖലയിലും ഉണ്ടായ പ്രയാസങ്ങൾ സംബന്ധിച്ച് ചർ ച്ചചെയ്യുവാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ച് പഠനം നടത്തുന്നതിന് കമ്മറ്റി രൂപീകരിക്കുവാൻ പരാമർശം-2 പ്രകാരം തീരുമാനമെടുത്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ പരിഷ്കരിക്കുന്നതും SOP രൂപീകരിക്കുന്നതും സംബന്ധിച്ച് പഠനം നടത്തുന്നതിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ദുരന്ത നിവാരണ കമ്മിഷണർ-- ചെയർപേഴ്സൺ

2.ഹസാർഡ് ആൻഡ് റിസ്ക് അനലിസ്റ്റ് , കെ എസ് ഡി എം എ--കൺവീനർ

3.ഡയറക്ടർ, പരിസ്ഥിതി വകുപ്പ്--അംഗം

4. ഡയറക്ടർ, ഖനനം&ഭൂവിജ്ഞാന വകുപ്പ്-- അംഗം

5.നിയമ വകുപ്പ് സെക്രട്ടറിയുടെ നോമിനി- അംഗം

3.കമ്മിറ്റിയുടെ Terms of Reference ചുവടെ ചേർക്കുന്നു.

i). ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിന്റെ സെക്ഷൻ 3.21.1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്വാറി ബ്ലാസ്റ്റിംഗുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകളിൽ പരിഷ്കരണം ആവശ്യമായുണ്ടോ എന്ന് പരിശോധിക്കുക.

ii). ക്വാറി ബ്ലാസ്റ്റിംഗിന് അനുമതി നൽകുന്നതിനായി സെക്ഷൻ 3.21.1-ൽ പ്രതിപാദിച്ചിരിക്കുന്ന നിലവിലെ നടപടിക്രമം (ഡിസ്ട്രിക്റ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് കമ്മറ്റിയുടെ അനുമതി ഉൾപ്പെടെ) ഭേദഗതി ചെയ്ത് കൂടുതൽ വ്യക്തവും പ്രായോഗികവുമായ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) രൂപീകരിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU C VARGHESE

അഡിഷണൽ സെക്രട്ടറി

ദുരന്ത നിവാരണ കമ്മിഷണർ, തിരുവനന്തപുരം

ഡയറക്ടർ, വ്യവസായ വകുപ്പ്

ഡയറക്ടർ, പരിസ്ഥിതി വകുപ്പ്

ഡയറക്ടർ, ഖനനം&ഭൂവിജ്ഞാന വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( എ&ഇ) കേരള, തിരുവനന്തപുരം

ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ(GSI), തിരുവനന്തപുരം

നിയമ വകുപ്പ്

വ്യവസായ വകുപ്പ്

പരിസ്ഥിതി വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ), പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

സെക്രട്ടറിയുടെ പി എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ